(ബി) മണലിന്റെയും നിർമ്മാണ സാമഗ്രികളുടെയും സിമന്റിന്റെയും ദൗർലഭ്യവും അമിത വിലയുമാണ് നിർമ്മാണ മേഖലയെയും ഹോളോബ്രിക്സ് ഉൾപ്പെടെയുള്ള ചെറുകിട വ്യവസായങ്ങളെയും പ്രതികൂലമായി ബാധിക്കുന്നത്. ധാതു ഖനനത്തിന് എൻവയോൺമെന്റൽ ക്ലിയറൻസ് നിർബന്ധമാക്കി ബഹു. സുപ്രീം കോടതിയും ഹൈക്കോടതിയും ഉത്തരവായിരുന്നു. തത്ഫലമായി എൻവയോൺമെന്റൽ ക്ലിയറൻസ് ഇല്ലാതെ ഖനനാനുമതി നൽകാൻ കഴിയാതെ വന്നത് ഈ മേഖലയിൽ പ്രതിസന്ധി ഉണ്ടാക്കിയിരുന്നു.

(സി) മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും ആവശ്യമായ ഇരുമ്പ്, ഉരുക്ക് ഉല്പന്നങ്ങൾ ശേഖരിച്ച് സിഡ്കോ വിതരണം ചെയ്യുന്നുണ്ട്. അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും ജലാശയത്തിൽ വച്ചുതന്നെ വേർതിരിച്ച് നീക്കം ചെയ്യാൻ സാങ്കേതിക സംവിധാനമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും ആഗോള ടെണ്ടർ മുഖാന്തിരം Expression of interest ക്ഷണിച്ച് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള terms of reference-ന് രൂപം നൽകുന്നതിന് വ്യവസായം, ജലവിഭവം, വനം, ഊർജ്ജം, തൊഴിൽ എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കരിങ്കൽ ഖനന മേഖലയിലെ പ്രശ്നപരിഹാരത്തിനായും സിമന്റിന്റെ വില കുറയ്ക്കുന്നതിനായും ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്.

പൊതുമേഖലാ വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി

30(*210) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എളമരം കരീം :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പൊതുമേഖല വ്യവസായങ്ങളോടുള്ള താല്പര്യം അവയെ നല്ല നിലയിൽ പ്രവർത്തനക്ഷമമാക്കാൻ എത്രത്തോളം സാധിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രതിരോധ മേഖലയടക്കം രാജ്യത്തിന്റെ വിവിധ തരത്തിലുള്ള പ്രധാന കേന്ദ്രങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ ഉൽപാദിപ്പിക്കാൻ വേണ്ട സജ്ജീകരണങ്ങളുള്ള വ്യവസായ സ്ഥാപനങ്ങൾ മതിയായ ഓർഡറുകൾ ലഭ്യമാകാതെ പ്രതിസന്ധി നേരിടുന്നത് പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വ്യവസായ സ്ഥാപനങ്ങൾ പ്രതിസന്ധി നേരിടുമ്പോഴും, അന്യരാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യു സംസ്ഥാനത്തെ വ്യവസായങ്ങളെ പ്രതിസന്ധിയിലാക്കുന്ന സമീപനം നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ സംസ്ഥാനത്തെ പ്രമുഖ വ്യവസായ സ്ഥാപനങ്ങൾക്ക് പ്രതിസന്ധിയിൽ നിന്ന് സംരക്ഷണം ലഭിക്കുന്ന തരത്തിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള നയസമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിക്കത്തക്കവിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കിവരുന്നത്.

(ബി-ഡി) ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രതിരോധമേഖലയടക്കമുള്ളവയിൽ നിന്നും മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ് ഓർഡറുകൾ ലഭിക്കുന്നത്. ഉയർന്ന ഉല്പാദനച്ചെലവുമൂലം മറ്റ് സ്ഥാപനങ്ങളുമായി കടുത്ത മത്സരം നേരിടേണ്ടിവരുന്നു എന്നതാണ് പൊതുമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇതോടൊപ്പംതന്നെ വിദേശ രാജ്യങ്ങളിൽ നിന്നുള്ള അനാരോഗ്യകരമായ ഇറക്കുമതിയും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. ഇക്കാരണത്താൽ പ്രതിരോധമേഖലയടക്കമുള്ള എല്ലാ മേഖലകളിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാകത്തക്കവിധത്തിൽ ഉല്പാദനച്ചെലവ് കുറച്ച് കൂടുതൽ സാങ്കേതിക മികവ് കൈവരിച്ച് മത്സരക്ഷമതയുള്ളവയാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. പൊതുമേഖലാസ്ഥാപനങ്ങളെ നിലനിർത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികളും നയപരിപാടികളുമാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ സ്ഥാപനത്തിന്റെയും പ്രവർത്തനം വിശദമായി പരിശോധിച്ച് മികവുറ്റ ഉല്പാദന സംവിധാനങ്ങളും കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കിയും കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനത്തിലൂടെയും ആവശ്യമായ ധനസഹായം

LIBRARY ARCHIVES Kerala Legislative Assembly

നൽകിയും സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിട്ടുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇതോടൊപ്പംതന്നെ വിപണി വിപുലീകരിക്കുന്നതിനും ഉല്പാദനം കൂട്ടുന്നതിനും ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. നൂതനമായ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുക മുഖേന ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്കരണത്തിലൂടെ കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്നതിനും കാലപ്പഴക്കംചെന്ന മെഷിനറികളുടെ നവീകരണം നടപ്പിലാക്കിയും സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കുന്ന നടപടികളും സ്വീകരിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏകദേശം 839.90 കോടി രൂപയുടെ ധനസഹായവും അനുവദിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം

1(2202) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽകുത്തിലെ ഉപയോഗ ശൂന്യമായ കെ.എസ്.ഇ.ബി. ക്വാർട്ടേഴ്സുകൾ നവീകരിച്ച്, ഹൈഡൽ ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി നടപടി സ്വീകരിക്കുമോ ;

(ബി) പെരിങ്ങൽകുത്തിൽ പുനരാരംഭിച്ച ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗിന് കൂടുതൽ ബോട്ടുകൾ അനുവദിയ്ക്കുന്നതിനും അനുബന്ധ റോഡുകളുടെ നവീകരണത്തിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പെരിങ്ങൽകുത്ത് ഹൈഡൽ ടൂറിസം പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി വരികയാണ്. മാസ്റ്റർപ്ലാൻ അംഗീകരിച്ച് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി ഈ പദ്ധതികൾ പൂർത്തീകരിക്കാവുന്നതാണ്.

ഊർജ്ജ രംഗത്ത് വിവരസാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതി

2(2203) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ രംഗത്ത് വിവരസങ്കേതിക വിദ്യാധിഷ്ഠിത സേവനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly